(ഡി) റേറ്റിംഗ് സർട്ടിഫിക്കറിൽ നല്ല നിലവരം പുലർത്തുന്ന യൂണിറ്റുകൾക്ക് വായ്പ നൽകുന്നതിന് ഇന്ത്യൻ ബാങ്ക്സ് അസോസിയേഷൻ ഉറപ്പ് നൽകിയിട്ടുള്ളത് ശദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ എസ്. എസ്. ഐ., എസ്. എം. ഇ. യൂണിറ്റുകൾക്ക് റേറ്റിംഗ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എല്ലാ ജില്ലകളിലും ഈ പദ്ധതി സംബന്ധിച്ച പ്രചരണം നൽകുകയും വിശദാംശങ്ങൾ നിലവിലുള്ള എസ്. എസ്. ഐ., എസ്. എം. ഇ. യൂണിറ്റുകൾക്ക് എൻ. എസ്. ഐ. സി. വഴി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇതിനുള്ള അധികാരം എൻ. എസ്. ഐ. സി.-യിലാണ് നിക്ഷിപ്തമായിരിക്കുന്നത്.

(ഡി) ഉണ്ട്.

(ഇ) ജില്ലാ വ്യവസായ കേന്ദ്രങ്ങൾ, കെ. എസ്. എസ്. ഐ എ., എൻ. എസ്. ഐ. സി., എസ്. ഐ. എസ്. ഐ., സി. ഐ. ഐ., ചേംബർ ഓഫ് കോമേഴ്സ് മുതലായവ വഴി എസ്. എസ്. ഐ., എസ്. എം. ഇ. യൂണിറ്റുകൾക്ക് റേറ്റിംഗ് സർട്ടിഫിക്കറ് നൽകുന്നത് സംബന്ധിച്ച പദ്ധതി നടപ്പിലാക്കുന്നതിന് എൻ. എസ്. ഐ. സി. പ്രചാരണ പ്രവർത്തനങ്ങൾ നടത്തിവരികയാണ്,

മലബാർ സിമൻറ്സിലെ ഓവർടൈം വേതനത്തെ സംബന്ധിച്ച്

4 [2141] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ സിമൻറ്സ് ലിമിറഡിൽ പേയ്മെൻറ് ഓഫ് വേജസ് ആക്ട് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) മലബാർ സിമൻറ്സ് ലിമിറഡിൽ എത്ര തൊഴിലാളികൾ എതൊക്കെ തസ്തികകളിലായി ജോലി നോക്കുന്നു;

(സി) ഈ സ്ഥാപനത്തിൽ ഓവർടൈം ആയി തൊഴിലാളികൾ ജോലി നോക്കുന്നുണ്ടോ;

(ഡി) ഓവർടൈം ജോലി നോക്കുന്ന തൊഴിലാളികൾക്ക് പേയ്മെൻറ് ഓഫ് ആക്ട് പ്രകാരമുള്ള എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകേണ്ടത്; ഇതിൽ എന്തൊക്കെ ആനുകൂല്യങ്ങളാണ് ഇവിടെ നൽകി വരുന്നത്;

(ഇ) ഓവർടൈം ജോലി നോക്കുന്ന തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഈ സ്ഥാപനത്തിൽ ഇപ്പോഴും ഏതെങ്കിലും തസ്തികകൾ ഒഴിഞ്ഞു കിടപ്പുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(എച്ച്) പ്രസ്തുത സ്ഥാപനം 2004-05 വർഷത്തിൽ ലാഭമാണോ ഉണ്ടാക്കിയത്; എങ്കിൽ എത്ര;

(ഐ) ഇവിടെ ഇപ്പോഴും മസ്ദൂർ തസ്തികയിൽ ഒഴിവുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മലബാർ സിമൻറ്സിലെ തൊഴിലാളികൾ പേയ്മെൻറ് ഓഫ് വേജസ് ആക്ടിലെ വേതന പരിധിക്ക് പുറത്താണ്.

(ബി) മലബാർ സിമൻറ്സിൽ 832 സ്ഥിര തൊഴിലാളികൾ ഉണ്ട്. അവരുടെ തസ്തിക തിരിച്ചുള്ള കണക്ക് അനുബന്ധം ഒന്നായി ഉള്ളടക്കം ചെയ്തിരിക്കുന്നു. †

(സി) ഈ സ്ഥാപനത്തിൽ ഓവർടൈം ആയി തൊഴിലാളികളെ ജോലിക്കുവയ്ക്കാറില്ല. എന്നാൽ ഏതെങ്കിലും കാരണവശാൽ, ഏതെങ്കിലും തൊഴിലാളി നിയോഗിക്കപ്പെടുന്ന ഷിഫ്റ്റിൽ ഹാജരാകാതിരിക്കുമ്പോൾ, അതായത് റിലീവ് ചെയ്യാൻ ആളില്ലാതെ വരുമ്പോൾ, ജീവനക്കാർ ഒന്നിൽ കൂടുതൽ ഷിഫ്റ്റിൽ തുടരാറുണ്ട്. അത്തരം അവസരങ്ങളിൽ അവർക്ക് അർഹതപ്പെട്ട കോമ്പൻസേറ്ററി ഓഫ് നൽകുകയാണ് പതിവ്.

(ഡി) മലബാർ സിമൻറ്സിലെ തൊഴിലാളികൾ പേയ്മെൻറ് ഓഫ് വേജസ് ആക്ടിലെ വേതന പരിധിക്ക് പുറത്താണ്.

(ഇ, എഫ്) പ്രാതികൾ ഒന്നും ലഭിച്ചിട്ടില്ല. അധിക ഷിഫ്റ്റ് ജോലിക്ക് ആനുപാതികമായി കോമ്പൻസേറ്ററി ഓഫ് നൽകും.

(ജി) ഈ സ്ഥാപനത്തിൽ ഇപ്പോഴും വർക്കർ കാറ്റഗറിയിൽ മസ്ദൂർ തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട്.

(എച്ച്) 2004-2005-ൽ കമ്പനിക്ക് രണ്ടുകോടിയോളം കാഷ് പ്രോഫിറ്റുണ്ട്. പുതിയ ചേർത്തല യൂണിറ്റിൻറെതുൾപ്പെടെയുള്ള ഡിപ്രീസിയേഷൻ കൂടി കണക്കിലെടുക്കുമ്പോൾ ഏകദേശം 170 ലക്ഷം രൂപയുടെ നഷ്ടം വരുമെന്ന് കണക്കാക്കപ്പെടുന്നു. അക്കൗണ്ട്സ് ആഡിറ്റ് നടന്നുകൊണ്ടിരിക്കുന്നതേയുള്ളൂ.

(ഐ) മസ്ദൂർ തസ്തികയിൽ ഇപ്പോൾ 108 ഒഴിവുകളുണ്ട്.

കഴക്കൂട്ടത്ത് കിൻഫ്രാ അപ്പാരൽ പാർക്കിൽ തൊഴിൽ ലഭിച്ചവർ

5 [2142] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടത്ത് സ്ഥാപിച്ചിട്ടുള്ള കിൻഫ്രാ അപ്പാരൽ പാർക്കിൽ ഇപ്പോൾ എത്രപേർ ജോലി ചെയ്യുന്നുണ്ട്;

(ബി) ഈ പാർക്കിൽ എത്രപേർക്ക് തൊഴിൽ നൽകുവാനാണ് ഉദ്ദേശിച്ചിരുന്നത്; ഈ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Keral Legislative Assembly